# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4130 03.02.2014 - ൽ മറുപടിക്ക്

### നഴ്സിംഗ് കോളേജുകളിലെ അദ്ധ്യാപകനിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് എത്ര സർക്കാർ നഴ്സിംഗ് കോളേജുകളാണ് ഉള്ളതെന്നും ഏതെല്ലാം കോഴ്സുകളാണ് ഇവിടെ നടത്തുന്നതെന്നും വ്യക്തമാക്കാമോ ; | എ) | സംസ്ഥാനത്ത് 5 സർക്കാർ നഴ്സിംഗ് കോളേജുകളാണ് നിലവിലുള്ളത്. ബി.എസ്.സി നഴ്സിംഗ്, എം.എസ്.സി നഴ്സിംഗ് എന്നീ കോഴ്സുകൾ എല്ലാ കോളേജുകളിലും നടത്തിവരുന്നു. പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് കോഴ്സ് തിരുവനന്തപുരം നഴ്സിംഗ് കോളേജിലും പോസ്റ്റ് ബേസിക് ഡിപ്ലോമ നഴ്സിംഗ് കോഴ്സ് തിരുവനന്തപുരം, കോട്ടയം നഴ്സിംഗ് കോളേജുകളിലും ജി.എൻ.എം. കോഴ്സ് തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് നഴ്സിംഗ് കോളേജുകളിലും നടത്തിവരുന്നു. |
| ബി) | ഈ നഴ്സിംഗ് കോളേജുകൾ നടത്തുന്നതിന് ആരാണ് അംഗീകാരം നൽകുന്നത് ; | ബി) | നഴ്സിംഗ് കോളേജുകൾ നടത്തുന്നതിന് ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ, കേരള നഴ്സിംഗ് ആന്റ് മിഡ്‌വൈവ്സ് കൗൺസിൽ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് എന്നിവയുടെയും സംസ്ഥാന സർക്കാരിന്റെയും അനുമതി ആവശ്യമാണ്. |
| സി) | നഴ്സിംഗ് കോളേജുകളിൽ അധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയായാണ് നിജപ്പെടുത്തിയിരിക്കുന്നത് ; | സി) & ഡി) | 1:10 ആണ് നഴ്സിംഗ് കൗൺസിൽ ശുപാർശ ചെയ്യുന്ന അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം. പ്രസ്തുത അനുപാതം പാലിക്കണമെന്ന് കാണിച്ച് ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ കേരളത്തിലെ നഴ്സിംഗ് കോളേജുകൾക്ക് നിർദ്ദേശം |
| ഡി) | ഇന്ത്യൻ നഴ്സിംഗ് കൗൺസിലും കേരള നഴ്സിംഗ് കൗൺസിലും അനുശാസിക്കുന്ന അനുപാത പ്രകാരമല്ല | | |

| | | | |
|---|---|---|---|
| | കേരളത്തിലെ നഴ്സിംഗ് കോളേജുകൾ പ്രവർത്തിക്കുന്നതെന്ന് കാണിച്ച് നോട്ടീസ് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത അപാകത എങ്ങനെയാണ് പരിഹരിച്ചതെന്ന് അറിയിക്കുമോ ; | | നൽകിയിട്ടുണ്ട്. വ്യത്യാസം പരിഹരിക്കുന്നതിനായി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| ഇ) | ബോണ്ടഡ് ലക്ചറേഴ്സ് എന്ന പേരിൽ എം.എസ്.സി നഴ്സിംഗ് പാസ്സായവരെ അധ്യാപകരായി നിയമിക്കാറുണ്ടോ; എങ്കിൽ ഇവരെ നിയമിക്കുന്നതിന്റെ മാനദണ്ഡം എന്താണ് ; | ഇ) | കമ്പൽസറി നഴ്സിംഗ് സർവ്വീസിനായി എം.എസ്.സി. നഴ്സിംഗ് പാസ്സായവരെ താൽക്കാലികമായി കോളേജിൽ നിയമിക്കാറുണ്ട്. എം.എസ്.സി. നഴ്സിംഗിന്റെ മാർക്കിന്റെ അടിസ്ഥാന ത്തിലാണ് പ്രസ്തുത നിയമനം നടത്തുന്നത്. |
| എഫ്) | ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെയും കേരള നഴ്സിംഗ് കൗൺസിലിന്റെയും മാനദണ്ഡം അനുസരിച്ച് കേരള ത്തിലെ നഴ്സിംഗ് കോളേജുകളിൽ നഴ്സിംഗ് പഠനത്തിന്റെ നിലവാരം ഉയർത്തുന്ന തിന് എത്ര സീനിയർ ലക്ചറർ തസ്തികകളാണ് സൃഷ്ടിക്കേണ്ടത്; ഇതിലേയ്ക്കായി കൗൺസിലുകൾ നൽകിയിട്ടുള്ള ശുപാർശയിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എഫ്) | നഴ്സിംഗ് കൗൺസിലിന്റെ മാനദണ്ഡം നില നിറുത്തുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസലിൽ 15 സീനിയർ ലക്ചറർ തസ്തികകൾ ഉൾപ്പെടുന്നു. പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. |
| ജി) | നിലവിൽ പി.എസ്.സി.യിൽ സീനിയർ ലക്ചറർ ഇൻ നഴ്സിംഗ് എന്ന തസ്തികയിലേക്കായി റാങ്ക് ലിസ്റ്റ് നിലവിലുള്ളതായി അറിയുമോ; എങ്കിൽ എത്രപേരെ നിയമിച്ചിട്ടുണ്ട്; | ജി) | സീനിയർ ലക്ചറർ ഇൻ നഴ്സിംഗ് തസ്തികയിലെ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. 39 പേരെ നിയമിച്ചിട്ടുണ്ട്. |
| എച്ച്) | ഈ റാങ്ക് ലിസ്റ്റിൽ നിന്നും കൊച്ചി സഹകരണ മെഡിക്കൽ കോളേജു കളിലേയ്ക്ക് നഴ്സിംഗ് അധ്യാപകരായി നിയമിക്കുന്നതിന് പരിഗണിക്കുമോ; | എച്ച്) | കൊച്ചി മെഡിക്കൽ കോളേജ് ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും നഴ്സിംഗ് കോളേജ് ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടില്ല. ആയതിനാൽ അധ്യാപക നിയമന വിഷയം ഉദിക്കുന്നില്ല. |

| | | | |
|---|---|---|---|
| ഐ) | എം.എസ്.സി. നഴ്സിംഗ് യോഗ്യതയുള്ളവരെ സംസ്ഥാനത്തെ ആശുപത്രികളിൽ ഹെഡ് നഴ്സ്, നഴ്സിംഗ് ഓഫീസർ എന്നീ തസ്തികകളിലേയ്ക്ക് നേരിട്ട് നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ഐ) | എം.എസ്.സി. നഴ്സിംഗ് യോഗ്യതയുള്ളവരെ നേരിട്ട് ഹെഡ് നഴ്സ്, നഴ്സിംഗ് ഓഫീസർ എന്നീ തസ്തികകളിലേയ്ക്ക് നേരിട്ട് നിയമിക്കുന്നതിന് നിയമം അനുശാസിക്കുന്നില്ല. പ്രസ്തുത തസ്തികകളുടെ അടിസ്ഥാന യോഗ്യത പി.എസ്.സി. മുഖേന സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 ആയി നിയമനം ലഭിക്കുകയാണ്. ഇങ്ങനെ നിയമനം ലഭിക്കുന്നവരെ സീനിയോറിറ്റി ക്രമത്തിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-I, ഹെഡ് നഴ്സ്, നഴ്സിംഗ് ഓഫീസർ എന്നീ ക്രമത്തിൽ സ്ഥാനക്കയറ്റം നൽകി നിയമിക്കുക യാണ് ചെയ്യുന്നത്. ജനറൽ നഴ്സിംഗ്, ബി.എസ്.സി. നഴ്സിംഗ്, എം.എസ്.സി. നഴ്സിംഗ് യോഗ്യതയുള്ളവർക്ക് പി.എസ്.സി മുഖേന സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 ആയി നിയമനം നേടാവുന്നതാണ്. |

(signature)

സെക്ഷൻ ഓഫീസർ